## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.380 15.07.2015-ൽ മറുപടിക്ക്

### ജലമണി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എം.പി.വിൻ സെൻറ്<br>,, കെ.ശിവദാസൻ നായർ<br>,, എം.എ. വാഹീദ്<br>,, ഹൈബി ഈഡൻ | | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. | ഗ്രാമീണ സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് കുടിവെള്ളം ലഭ്യമാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ജലമണി പദ്ധതി കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ; | എ | ഉണ്ട് |
| ബി | ഈ പദ്ധതി എത്ര ഘട്ടം പൂർത്തിയായി; എത്ര സ്കൂളുകളിൽ നടപ്പാക്കി; വിശദാംശം ലഭ്യമാക്കുമോ; | ബി. | ഈ പദ്ധതിയുടെ രണ്ട് ഘട്ടം പൂർത്തിയായി. ആദ്യഘട്ടത്തിൽ 396 സ്കൂളുകളിലും രണ്ടാം ഘട്ടത്തിൽ 498 സ്കൂളുകളിലുമായി ആകെ 894 സ്കൂളുകളിൽ പദ്ധതി നടപ്പിൽ വരുത്തി. |
| സി | ഈ പദ്ധതി നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | സി. | ഉണ്ട്. രണ്ടാം ഘട്ടത്തിൽ ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ചപ്പോൾ, ജലത്തിന്റെ ഗുണനിലവാരം വളരെ മോശമായ സ്ഥലങ്ങളിൽ റിവേഴ്സ് ഓസ്മോസിസ് ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിച്ചാൽ മാത്രമേ കുടിക്കുവാൻ അനുയോജ്യമായ ജലം കിട്ടുകയുള്ളൂ എന്ന് മനസ്സിലായി. പ്രവർത്തി |

പ്പിയ്ക്കുവാൻ വൈദ്യുതി ആവശ്യമായ പ്രസ്തുത യൂണിറ്റുകളിൽ നിന്നും 40% ത്തോളം വെള്ളം പാഴാകുകയും ചെയ്യുന്നതിനാൽ ചില സ്കൂളുകളിൽ ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപി ക്കുവാൻ അധികൃതർ വിയോജിപ്പ് പ്രകടിപ്പിച്ചു. ചില സ്കൂളുകളിൽ ഫിൽറ്റർ യൂണിറ്റുകൾ പ്രവർത്തി പ്പിക്കുവാൻ വർക്കിംഗ് ഹെഡ് ഇല്ലാത്തതിനാലും ഫിൽറ്റർ വയ്ക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്.

സെക്ഷൻ ഓഫീസർ